I/5912180/2023

"ഭരണഭാഷ- മാതൃഭാഷ"

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ നടപടിത്തീർപ്പ്
(നിലവിൽ : സുഭാഷ് ടി വി ഐ.എ.എസ്)

---

നടപടിത്തീർപ്പ്നമ്പർ.സി2/193/2023/ഐ&പി.ആർ തിരുവനന്തപുരം,തീയതി, (16-10-2023)

---

വിഷയം:- "കേരളീയം - 2023" നോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള എക്സിബിഷൻ കമ്മിറ്റിയുടെ നിയന്ത്രണത്തിൽ സംഘടിപ്പിക്കേണ്ട എക്സിബിഷനുകൾ, ഇൻസ്റ്റലേഷനുകൾ എന്നിവ സ്ഥാപിക്കുന്നതിലേയ്ക്കായി അനുമതി നൽകിയും ഇതോടനുബന്ധിച്ചുള്ള ചെലവുകൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

സൂചന: - 1.13.07.2023 തിയതിയിലെ സ.ഉ.(കൈ) നം. 114/2023/ജി.എ.ഡി ഉത്തരവ്.
2.04.09.2023 തിയതിയിലെ സ.ഉ(സാധാ) നം. 4073/2023/ ജി.എ.ഡി
3.13.10.2023 തിയതിയിലെ സ.ഉ (കൈ) നം. 153/2023/ധന നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് ആർജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിന് കഴിയുന്ന വിധം 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് വെച്ച് സെമിനാറുകളും അനുബന്ധ പരിപാടികളുമായി "കേരളോത്സവം" സംഘടിപ്പിക്കുന്നതിന് സൂചന (1) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. "കേരളീയം- 2023" - എന്ന പേരിൽ സംഘടിപ്പിക്കുന്ന പ്രസ്തുത പരിപാടിയുടെ നടത്തിപ്പിനോടനുബന്ധിച്ച് വിവിധ കമ്മിറ്റികൾ രൂപീകരിച്ച് സൂചന (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. "കേരളീയം - 2023" പരിപാടിയ്ക്കായി സാമ്പത്തിക അനുമതി നൽകിയും വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗനിർദേശങ്ങൾ വ്യക്തമാക്കിയും സൂചന (3) പ്രകാരവും ഉത്തരവായിട്ടുണ്ട്. ഓരോ കമ്മിറ്റിയുടെയും ചെലവുകൾ ഓരോ ഘടകങ്ങൾക്കും

അനുവദിക്കപ്പെട്ടിട്ടുള്ള ബജറ്റ് വകയിരുത്തലിൽ പരിമിതപ്പെടുത്തുന്നതിനും ഘടകങ്ങൾ / പരിപാടികൾ നടത്തുന്നതിന് തുക അനുവദിക്കുന്നതിന് പ്രത്യേകം ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം (3) ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്.

2. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ "കേരളീയം - 2023" നോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള എക്സിബിഷൻ കമ്മിറ്റിയുടെ കൺവീനറായ വകുപ്പ് ഡയക്ടറുടെ ചുമതലയിൽ സജ്ജീകരിക്കേണ്ട എക്സിബിഷനുകൾ ഇൻസ്റ്റലേഷനുകൾ എന്നിവയ്ക്കായി സൂചന (3) പ്രകാരം അംഗീകരിച്ചിട്ടുള്ള ബജറ്റിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പരിപാടികൾ സംഘടിപ്പിക്കുന്നതിന് അനുമതി നൽകിയും ഇതോടനുബന്ധിച്ച ചെലവുകൾക്കായി തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു. അംഗീകരിച്ചിട്ടുള്ള പരിപാടികളും അവയ്ക്കുള്ള അംഗീകൃത ബഡ്ജറ്റും ചുവടെ ചേർക്കുന്നു.

## Exhibition Committee

1. **Cost of Designs, Curation and Fabrication (Beyond PWD Scope)**

| Sl No | Name of Exhibition | Venue | Estimated rate |
|---|---|---|---|
| 1 | Public Policy and Progress | Central Stadium | 70 Lakh |
| 2 | Production and Services (industry exhibition) | Putharikkandam | 40 Lakh |
| 3 | Innovation and Talents (IT, start up and Skill demo) | Kanakakkunnu | 50 Lakh |
| 4 | Knowledge, Economy and More (Higher Education) | University College | 100 Lakh |
| 5 | The fourth Pillar (Media exhibition) | Tagore | 78 Lakh |
| 6 | Culture exhibition | Kanakakkunnu | 99 Lakh |
| 7 | Women | Ayyankali Hall, inside | 24 Lakh |
| 8 | Visual Arts | Fine Arts College Gallery | 50 Lakh |

| | | | |
|---|---|---|---|
| 9 | Sideline Exhibition as approved by the cost committee. | At appropriate venues | 20 Lakh |
| | **TOTAL** | | **531 Lakhs** |

## 2. Installations at various Locations

| Sl No | Name of Special Exhibition | Venue (s) | Estimated Rate |
|---|---|---|---|
| 1 | 13 Young Contemporary Artists Graffitti | Manaveeyam Veethi | 15.5 Lakh |
| 2 | Special exhibition of differently abled artists | Tagore Theatre outdoor pavilion | 16 Lakh |
| 3 | Special Photography Exhibition on Kerala Culture Heritage and Architecture | Suitable locations decided by the Exhibition Committee | 17 Lakh |
| 4 | Installation | suitable locations decided by the Exhibition Committee | 33 Lakh |
| 5 | Installation | suitable locations decided by the Exhibition Committee | 20 Lakh |
| 6 | Installation<br>Water resources | Putharikandam | 20 Lakh |
| 7 | 2 installation | suitable locations decided by the Exhibition Committee | 9 Lakh |
| 8 | Installation | suitable locations decided by the Exhibition Committee | 20.5 Lakh |
| 9 | Reels of Change | On available LED Walls | 40 Lakh |
| 10 | Recreation of Kerala's Handicraft villages | Central Stadium and installation at various locations | 50 Lakh |

| | | | |
|---|---|---|---|
| 11 | 20 installations | Rural and urban locations in Thiruvananthapuram | 25 Lakh |
| 12 | Water conservation | Various Venues | 43 Lakh |
| 13 | Branded Identity Design | Chandrasekharan Nair Stadium | 21 Lakh |
| 14 | Drummers of Gods Own Country | Chandransekharan Nair Stadium | 68 Lakh |
| 15 | Planet Malayalam | | 10 Lakh |
| | **TOTAL** | | **408 Lakh** |
| **Grand Total 5,31,00,000/- + 4,08,00,000/-** | | | **9,39,00,000/-** |

3. അംഗീകരിച്ചിട്ടുള്ള ആകെ ബജറ്റായ 9,39,00,000/- രൂപ (ഒമ്പത് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപ മാത്രം )(നികുതി ഉൾപ്പെടെ) യിൽ ചെലവുകൾ എക്സിബിഷൻ കമ്മിറ്റി നിജപ്പെടുത്തേണ്ടതാണ്. സൂചന (3) ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി എക്സിബിഷൻ കമ്മിറ്റി കൺവീനറായ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ പേരിൽ ധനവകുപ്പ് ആരംഭിച്ച് നൽകുന്ന STSB അക്കൗണ്ടിൽ ടൂറിസം ഡയറക്ടർ ക്രെഡിറ്റ് ചെയ്ത് നൽകുന്ന തുകയിൽ നിന്നും മേൽ പട്ടിക പ്രകാരമുള്ള പരിപാടികൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. ഇക്കാര്യത്തിൽ സൂചന (3)ലെ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

4. എക്സിബിഷനുകളോടനുബന്ധിച്ചിട്ടുള്ള ഫാബ്രിക്കേഷൻ വർക്കുകൾ , ഇൻസ്റ്റലേഷനുകൾ എന്നിവയുടെ കോസ്റ്റ് വിലയിരുത്തുന്നതിനായി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (സ്പെഷ്യൽ ബിൽഡിംഗ്സ്) വിഭാഗം. ഇലക്ട്രോണിക്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് ആർകിടെക്റ്റ് / പ്രതിനിധി, അഡീഷണൽ ഡയറക്ടർ (ജനറൽ) , ഫീൽഡ് പബ്ലിസിറ്റി വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ, ഇൻഫർമേഷൻ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, ഡെപ്യൂട്ടി സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിലെ ഡിസൈനർ എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി വിലയിരുത്തേണ്ടതാണ്. ബന്ധപ്പെട്ട ഏജൻസികൾ / വ്യക്തികൾ സമർപ്പിക്കുന്ന ഡീറ്റെയിൽഡ് ചെലവ് സ്റ്റേറ്റ്മെന്റ് / പ്രൊഫോമ ഇൻവോയ്സ് പരിശോധിച്ച് കോസ്റ്റ് വിലയിരുത്തി അന്തിമ പ്രതിഫലം നിശ്ചയിക്കുന്നതിനുള്ള

I/5912180/2023

ച്ചമതല ഈ കമ്മിറ്റിയ്ക്കാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ഉത്തരവിൻ പ്രകാരം,

Signed by
Vipin Kumar S
Date: 16-10-2023 17:54:03
സെക്ഷൻ ഓഫീസർ.

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
ഡയറക്ടർ, ടൂറിസം വകുപ്പ് , തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് സ്പെഷ്യൽ ബിൽഡിംഗ്സ് വിഭാഗം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം.
ചീഫ്ആർകിടെക്ട്, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ഡെപ്യൂട്ടി ഡയറക്ടർ, ഫീൽഡ് പബ്ലിസിറ്റി വിഭാഗം.
ഇൻഫർമേഷൻ ഓഫീസർ ഫീൽഡ് പബ്ലിസിറ്റി /വെബ് & ന്യൂ മീഡിയ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ബി) വകുപ്പ്.
ധനകാര്യവകുപ്പ് (13.10.2023 തിയതിയിലെ സ.ഉ(കൈ) നം 153/2023/ധന പ്രകാരം)
അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എ & ഇ ) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.